**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1373** **15-10-2026-ൽ മറുപടിയ്ക്ക്**

**മടവൂർപാറ ടൂറിസം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സാഹസിക ടൂറിസം പദ്ധതിക്ക് വളരെ അനുയോജ്യമായ മടവൂർപാറയിലെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് 14.10.2019 ലെ സ.ഉ.(കൈ)നം. 18/2019/ടൂറിസം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. മേൽ സർക്കാർ നിബന്ധന പ്രകാരം മുന്നോട്ടുവരുന്ന സ്ഥാപനങ്ങളുടെയും ഓപ്പറേറ്റർമാരുടെയും അപേക്ഷകൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) മുഖേന പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കിയും സർക്കാർ രൂപീകരിച്ച സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശുപാർശയും പരിഗണിച്ചാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. മേൽ നിബന്ധനകൾ പ്രകാരം ലഭിക്കുന്ന പരമാവധി അപേക്ഷകൾ പരിഗണിച്ച് അനുവാദം നൽകുന്നതിലൂടെ മടവൂർപ്പാറയിൽ കൂടുതൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ സാധ്യമാകുമെന്നാണ് കണക്കാക്കുന്നത്. സാഹസിക ടൂറിസം സാധ്യതകൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രചാരം നൽകുന്നതിനും വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ സാഹസിക ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**(ബി)** മടവൂർപാറയിലെ ടൂറിസം പദ്ധതികൾക്കായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ യാതൊരു വികസന പരിപാടികളും നടപ്പിലാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് 14.10.2019 ലെ സ.ഉ.(കൈ)നം. 18/2019/ടൂറിസം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. മേൽ സർക്കാർ നിബന്ധന പ്രകാരം മുന്നോട്ടുവരുന്ന സ്ഥാപനങ്ങളുടെയും ഓപ്പറേറ്റർമാരുടെയും അപേക്ഷകൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) മുഖേന പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കിയും സർക്കാർ രൂപീകരിച്ച സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശുപാർശയും പരിഗണിച്ചാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. മേൽ നിബന്ധനകൾ പ്രകാരം ലഭിക്കുന്ന പരമാവധി അപേക്ഷകൾ പരിഗണിച്ച് അനുവാദം നൽകുന്നതിലൂടെ മടവൂർപ്പാറയിൽ കൂടുതൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ സാധ്യമാകുമെന്നാണ് കണക്കാക്കുന്നത്. സാഹസിക ടൂറിസം സാധ്യതകൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രചാരം നൽകുന്നതിനും

വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ സാഹസിക ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**(സി)** മടവൂർപാറയിലെ വികസനത്തിനായി ടൂറിസം വകുപ്പ് സമർപ്പിച്ചുവെന്ന് പറയപ്പെടുന്ന ഏഴ കോടി രൂപയുടെ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദമായ സാധ്യതാപഠനത്തിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** മടവൂർപാറയിൽ സ്ഥാപിച്ചിട്ടുള്ള കുട്ടികളുടെ പാർക്കും മുളകൊണ്ട് നിർമ്മിച്ച പാലവും കാലപ്പഴക്കം മൂലം ജീർണിച്ച അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിശദമായ സാധ്യതാപഠനത്തിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**